# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1001/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 21/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1001/2023 തീയ്യതി: 21/11/2023

## ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-01-2023 മുതൽ 11-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 19-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-08-2023 | 19-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽരാജ് ആർ., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. കൃഷ്ണദാസ് എൻ. വി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി. ജി. പ്രദീഷ്കുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. നിസാർ സി. എ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനൂപ് കെ. എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. വൈശാഖൻ ആർ. എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. റിനോജ് ജോസഫ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. മെർലിൻ മാർക്കോസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ചന്ദ്രപ്രഭ എം. | മെഡിക്കൽ ഓഫീസർ (സിദ്ധ) | 01-04-2022 | 31-03-2023 |
| ഡോ. അജിത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 16-12-2022 |
| ഡോ. ഗ്രേസ് നൈനാൻ റ്റി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 17-12-2022 | 31-03-2023 |
| ഡോ. അരവിന്ദ് പി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 19-05-2022 |

| | | | |
|---|---|---|---|
| ഡോ. അയ്യപ്പദാസ് എസ്. ഡി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 20-05-2022 | 31-03-2023 |
| ശ്രീമതി മിഥില പി. എസ്. | സി.ഡി.പി.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ. ബെന്നി വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശോഭ പി. ജി. | വി.ഇ.ഒ. ( I & II ) | 01-04-2022 | 23-05-2022 |
| ശ്രീമതി. ബീന വി. എസ്. | വി.ഇ.ഒ. ( I & II ) | 24-05-2022 | 19-07-2022 |
| ശ്രീമതി.സരിത കൃഷ്ണൻ | വി.ഇ.ഒ. ( I & II ) | 20-07-2022 | 26-07-2022 |
| ശ്രീ. മാർട്ടിൻ ജോസഫ് | വി.ഇ.ഒ. ( I & II ) | 27-07-2022 | 14-09-2022 |
| ശ്രീ. മനോജ് കെ. | വി.ഇ.ഒ. ( I & II ) | 15-09-2022 | 29-09-2022 |
| ശ്രീ. മനോജ് കെ. | വി.ഇ.ഒ. ( I ) | 30-09-2022 | 31-03-2023 |
| ശ്രീമതി. സിമ്മി യു. ബി. | വി.ഇ.ഒ. ( II ) | 30-09-2022 | 31-03-2023 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തികൾ പൂർണ്ണമായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല - ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-2 |
| 4 | ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഗ്രാന്റ് വിനിയോഗം | 1-3 |
| 10 | വികസന ഫണ്ട്(എസ്.സി.പി.)/റോഡ് മെയിന്റനൻസ് ഫണ്ടുകളിൽ ചെലവ് 80%-ൽ കുറവ് - ഈ ഇനങ്ങളിൽ ₹25,18,723/- ലാപ്സായി | 1-3-1 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | ആസ്തി പരിപാലനം - പ്ലാൻ തയ്യാറാക്കാതെ പദ്ധതികൾ നടപ്പാക്കുന്നു | 1-4-1 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 14 | ക്ഷേമ പദ്ധതികൾ | 1-6 |
| 15 | ക്യാഷ് പരിശോധന | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 17 | ജവഹർ ഭവന വായ്പ തിരിച്ചടവ് - നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം വന്നത് | 1-9 |
| 18 | തനത് വിഭവ സമാഹരണം - അവലോകനം | 1-10 |
| 19 | വസ്തു നികുതി നിർണയത്തിലെ അപാകത | 1-11 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അപാകതകൾ | 1-12 |
| 21 | ലേലം വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1-13 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് | 1-14 |
| 23 | ഡെപ്പോസിറ്റ് വർക്ക് - പദ്ധതി പൂർത്തീകരിച്ചില്ല | 1-15 |
| 24 | തൊഴിൽ രഹിത വേതനം - രേഖകൾ ഹാജരാക്കാത്തത് | 1-16 |
| 25 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-17 |
| 26 | പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ - അപാകതകൾ | 1-18 |
| 27 | വെറ്റിനറി ഡിസ്പെൻസറി കണ്ടിജന്റ് ചെലവുകൾ പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-19 |
| 28 | ആയുർവ്വേദ ആശുപത്രി കണ്ടിജന്റ് ചെലവുകൾ പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-20 |
| 29 | ഹെൽത്ത് മിഷൻ പദ്ധതികളുടെ നിർവ്വഹണം | 1-21 |
| 30 | ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് പദ്ധതി നിർവ്വഹണം - സർക്കാർ മാർഗ്ഗരേഖ ലംഘനം | 1-22 |
| 31 | പി.എം.സി. പ്രത്യേക അക്കൗണ്ട് - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നു | 1-23 |
| 32 | "ഞങ്ങളും കൃഷിയിലേക്ക്" - സമഗ്ര പുരയിടകൃഷി വനിത പദ്ധതിയിലെ അപാകതകൾ | 1-24 |
| 33 | ഞങ്ങളും കൃഷിയിലേക്ക് സമഗ്ര പുരയിടകൃഷി എസ്. സി. പദ്ധതിയിലെ അപാകതകൾ | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2023ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള പള്ളിവാസൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും, ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

2. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പള്ളിവാസൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

തൊടുപുഴ
തീയതി : 21.11.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തികൾ പൂർണ്ണമായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല - ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആർജിക്കുന്ന ആസ്തികളുടെ (കെട്ടിടങ്ങൾ, റോഡ്, കൽവർട്ട്) മൂല്യം കൃത്യമായി തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ ആസ്തികളുടെ മുന്നിരിപ്പും, നീക്കിയിരിപ്പുമാണ് 2022-23 വർഷത്തെ മുന്നിരിപ്പും, നീക്കിയിരിപ്പുമായി ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആർജിച്ച ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-3 ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ

വാർഷിക കണക്ക് പ്രകാരം ഈയിനങ്ങളിലുള്ള തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ജേണൽ വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

1-1-6 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല

ആസ്തികളുടെ തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 21/03/2022ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 25/03/2022ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23ലെ ബജറ്റ് | 2022-23ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 21/03/2022ലെ<br>1-ാം നമ്പർ തീരുമാനം | 24/02/2023ലെ<br>1-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 25/03/2022ലെ<br>1-ാം നമ്പർ തീരുമാനം | 16/03/2023ലെ<br>1-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | ₹4051728/- | ₹13761052/- |
| വരവ് | ₹174292500/- | ₹153997793/- |
| ആകെ വരവ് | ₹178344228/- | ₹167758845/- |
| ആകെ ചെലവ് | ₹171904150/- | ₹157704150/- |
| മിച്ചം | ₹6440078/- | ₹10054695/- |

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് | | | | | |
| പൊതു വിഭാഗം | 0 | 18116999 | 18116999 | 18106081 | |
| എസ്.സി.പി | 0 | 21466907 | 21466907 | 15347317 | |
| റ്റി.എസ്.പി | 0 | 201000 | 201000 | 199830 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് TIED | 3561694 | 6120364 | 9682058 | 4035138 | 5646920 |
| Untied | 785122 | 3783495 | 4568617 | 3451502 | 1117115 |
| സംരക്ഷണ ഗ്രാന്റ് | | | | | |
| റോഡിതരം | 0 | 5918000 | 5918000 | 5007471 | |
| റോഡ് | 0 | 5879000 | 5879000 | 4010686 | |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| ഐ.സി.ഡി.എസ് | 490564 | 1187238 | 1677802 | 807524 | 870278 |
| ടോട്ടൽ സാനിറ്റേഷൻ | 32147 | 0 | 32147 | 0 | 32147 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| പകർച്ച വ്യാധി – നിയന്ത്രണ ഫണ്ട് | 871836 | 00 | 871836 | 0 | 871836 |
| എം.എൽ.എ. ഫണ്ട് | 17 | 17 | 17 | 0 | 17 |
| പശ്ചിമ ഘട്ട വികസന പദ്ധതി | 14103 | 0 | 14103 | 0 | 14103 |
| വിമുക്തി | 39140 | 0 | 39140 | 0 | 39140 |
| ഹരിത കേരളം | 17193 | 0 | 17193 | 0 | 171931 |

| | | | | | |
|---|---|---|---|---|---|
| നബാർഡ് | 144000 | 0 | 144000 | 0 | 144000 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് – ക്ഷേമ ബോർഡ് | 0 | 75000 | 75000 | 75000 | 0 |
| ഹെൽത്ത് ഗ്രാന്റ് (320100202) | 0 | 602957 | 602957 | 0 | 602957 |
| - ടി – (320100204) | 0 | 350963 | 350963 | 0 | 350963 |
| മറ്റ് ഗ്രാന്റുകൾ (320500199) | 245093 | 1400000 | 1645093 | 0 | 1645093 |
| - ടി – (320500101) | 0 | 75000 | 75000 | 75000 | 0 |

1-3-1 വികസന ഫണ്ട്(എസ്.സി.പി.)/റോഡ് മെയിന്റനൻസ് ഫണ്ടുകളിൽ ചെലവ് 80%-ൽ കുറവ് - ഈ ഇനങ്ങളിൽ ₹25,18,723/- ലാപ്സായി

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ. വികസന ഫണ്ട്(എസ്.സി.പി.), റോഡ് മെയിന്റനൻസ് ഫണ്ടുകളിൽ ചെലവ് 80%-ൽ കുറവ് ചെലവ് മാത്രമാണുള്ളത്. ആയതിനാൽ താഴെ പറയും പ്രകാരം 2518723/- ലാപ്സായി. എസ്.സി.പി. ഫണ്ടിൽ നഷ്ടമായ തുകയ്ക്ക് തുല്യമായ തുക അടുത്ത വർഷത്തെ വികസന ഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തുന്നതാണ്.

| ഫണ്ടിനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി.) | 21466907 | 15347317 | 6119590 | 71.49 | 4293381 | 1826209 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 5879000 | 4010686 | 1868314 | 68.22 | 1175800 | 692514 |

1-4 പദ്ധതി അവലോകനം

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 34 | 26 | 76.4 | 11230031 | 7608763 | 67.75 |
| കൃഷി ഓഫീസർ | 5 | 4 | 80 | 3818051 | 2290599 | 59.99 |
| വെറ്ററിനറി സർജൻ | 4 | 4 | 100 | 1869000 | 1827375 | 97.71 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 8 | 7 | 87.5 | 2741457 | 1771071 | 64.60 |
| ഹോമിയോ | 1 | 1 | 100 | 200000 | 200000 | 100 |
| ആയുർവ്വേദം | 2 | 2 | 100 | 469000 | 469000 | 100 |
| സിദ്ധ | 2 | 2 | 100 | 530000 | 527912 | 99.60 |
| വി. ഇ. ഒ. | 16 | 14 | 87.5 | 21789711 | 8984895 | 58.04 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 7 | 58.33 | 6981200 | 4459174 | 63.87 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 1450000Senior | 538953 | 37.16 |
| അസി. എൻജിനീയർ | 106 | 71 | 66.98 | 45211628 | 21121425 | 46.71 |
| അസി. സെക്രട്ടറി | 19 | 13 | 68.42 | 10968723 | 6209401 | 56.61 |
| ആകെ | 210 | 152 | 72.38 | 107258801 | 56008568 | 52.21 |

1-4-1 ആസ്തി പരിപാലനം - പ്ലാൻ തയ്യാറാക്കാതെ പദ്ധതികൾ നടപ്പാക്കുന്നു

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2022-23 വർഷ പദ്ധതി രൂപീകരണത്തിനായി 05.05.2023, 28.12.2023 എന്നീ തീയതികളിൽ യോഗം ചേർന്നിരുന്നു. എന്നാൽ പ്രസ്തുത കമ്മിറ്റി മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല. ആസ്തികളുടെ വാർഷിക സ്ഥിതി വിവര കണക്ക്, ആസ്തി പരിപാലന കലണ്ടർ എന്നിവ തയ്യാറാക്കിയിട്ടില്ല. പദ്ധതികൾ തയ്യാറാക്കേണ്ടത് ആസ്തികളുടെ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ

മുൻഗണന ക്രമത്തിൽ ആസ്തി പരിപാലന പ്ലാൻ തയ്യാറാക്കി അംഗീകരിച്ചതിന് ശേഷം മാത്രമാണ്. എന്നാൽ ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കാതെ വാർഡ് തലത്തിൽ ഫണ്ട് വിഭജനം നടത്തുന്ന രീതിയാണ് അനുവർത്തിക്കുന്നത്. മാത്രമല്ല നിലവിലുള്ളതും പുതുതായി സൃഷ്ടിക്കപ്പെടുന്നതുമായ ആസ്തികളുടെ അസറ്റ് മാനേജ്മെന്റ് സംബന്ധിച്ച് പ്രതിമാസ, അർദ്ധവർഷ, വാർഷിക അവലോകനം നടത്തുന്നില്ല. അസറ്റ് രജിസ്റ്റർ അപ്ഡേഷൻ നടത്തിയതിൻമേലുള്ള ഭൗതിക പരിശോധന, മോണിട്ടറിംഗ്, റിവ്യൂ എന്നിവ നടത്തുന്നില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 53555 | 1463223 | 1516778 | 636990 | 879788 |
| | തൊഴിലാളികളുടെ കൂലി | 0 | 33731697 | 33731697 | 33731697 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 18,566,100.00 | 1752 |
| കർഷക തൊഴിലാളി പെൻഷൻ | 1,232,600.00 | 110 |
| വിധവ പെൻഷൻ | 6,964,200.00 | 633 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 115,200.00 | 11 |
| വികലാംഗ പെൻഷൻ | 2,592,400.00 | 235 |
| തൊഴിൽ രഹിത വേതനം | 3960 | 7 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 61288/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തി ഭരണ നിർവ്വഹണം നടത്തുന്നുണ്ട്. നികുതി തുകകൾ പിരിച്ചെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ടെങ്കിലും പരിഷ്കരിച്ച വസ്തു നികുതി നിരക്ക് അന്തിമമായി നിശ്ചയിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വാണിജ്യ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ ഉൾപ്പെടുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നില്ല. വിവിധ പദ്ധതികളുടെ നടത്തിപ്പിന് മുൻകൂറായി തുക നൽകുന്നുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കുന്നില്ല.

## 1-9 ജവഹർ ഭവന വായ്പ തിരിച്ചടവ് - നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം വന്നത്

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം ജവഹർ ഭവന വായ്പയിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക ₹14,27,386/-യാണ്. എന്നാൽ വായ്പ ലഭ്യമാക്കിയ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കണക്കിൽ ₹14,43,516/- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. ₹16,130/- വ്യത്യാസം വന്നിട്ടുണ്ട്. ആയത് സംബന്ധിച്ച് പരിശോധന നടത്തി കണക്ക് കൃത്യമാക്കേണ്ടതാണ്.

## 1-10 തനത് വിഭവ സമാഹരണം - അവലോകനം

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണ സമിതി യോഗത്തിൽ വെയ്ക്കേണ്ടതാണ് (2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60) .

### നികുതി നികുതിയേതര വരുമാനങ്ങൾ

*എ) തൊഴിൽ നികുതി*

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പരിപാലിക്കുന്നില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

*ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്*

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/2017ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ./(എസ്.ആർ.ഒ. നമ്പർ 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരമുള്ള ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാവുന്നതാണ്.

*സി) വസ്തു നികുതി*

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇത് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

പള്ളിവാസൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷ കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷ കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2013ലെ സ.ഉ.(അച്ചടി)5/2023/LSD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 17/04/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 3(1) നമ്പർ തീരുമാനപ്രകാരം താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും, വിവിധ റോഡുകൾ തരം തിരിച്ചും അന്തിമമായി നിശ്ചയിച്ചിട്ടില്ല.

02-05-2023ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടറുടെ LSGD/PD/20073/2023-REV2 പ്രകാരം വസ്തു നികുതി പരിഷ്കാരവുമായി ബന്ധപ്പെട്ട് നിർദ്ദേശിച്ച സമയബന്ധിതമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 7-ാം ഉപവകുപ്പ് പ്രകാരം ഭൂപ്രദേശങ്ങളെ മേഖലകളായി ചുവടെ ചേർക്കും പ്രകാരം തരം തിരിച്ച് മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1. പ്രഥമ മേഖലകൾ (Prime Zones) (അതായത്), സർക്കാർ, അർദ്ധ സർക്കാർ ആഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റ്, ബസ്സ്റ്റാന്റ്, ആശുപത്രി, എന്നിവ താരതമ്യേന കൂടുതലായി സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ, അല്ലെങ്കിൽ താരതമ്യേന വികസിതമായ

പ്രദേശങ്ങൾ).

2. ദ്വിതീയ മേഖലകൾ (Secondary Zones) (അതായത്) പ്രഥമ മേഖലകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസന സാദ്ധ്യതകളുള്ള പ്രദേശങ്ങൾ).

3. തൃതീയ മേഖലകൾ (Tertiary Zones) (അതായത്), പ്രഥമ, ദ്വിതീയ മേഖലകളിൽ ഉൾപ്പെടാത്തതും താരതമ്യേന വികസനം കുറഞ്ഞതും അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും ജനസാന്ദ്രത കുറഞ്ഞതുമായ പ്രദേശങ്ങൾ).

വിവിധ റോഡുകളെ നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന ഒന്നാം തരം റോഡ്, ജില്ലാറോഡ്, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന രണ്ടാം തരം റോഡ് എന്നിങ്ങനെ തരം തിരിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്.
പരിഷ്കരിച്ച വസ്തു നികുതി നിരക്ക് അന്തിമമായി നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

*കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം/പുനർ നിർണ്ണയം*

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗ ക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാൻ, സിവിൽ, ഐ.ടി.ഐ. സർവെയർ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനായി പത്രപ്പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്. "അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ" എന്ന ഉപയോഗക്രമത്തിൽ പഞ്ചായത്തിൽ 190 സ്ഥാപനങ്ങളുണ്ട്. മേൽ സ്ഥാപനങ്ങളുടെ ഉപയോഗക്രമം പുന:പരിശോധിച്ച് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്*

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.
ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

1-11 വസ്തു നികുതി നിർണയത്തിലെ അപാകത

01.04.2013 പ്രാബല്യത്തിൽ വസ്തു നികുതി നിർണയിച്ച കല്ലാർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള 10/242 എന്ന നമ്പരിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി "ഓഫീസ്" എന്ന ഉപയോഗക്രമത്തിന് പകരം "ബങ്ക്" എന്ന ഉപയോഗക്രമത്തിൽ നിർണ്ണയിച്ച് ഈടാക്കി വരുന്നതിനാൽ നികുതിയിൽ ചുവടെ ചേർക്കും വിധം കുറവുണ്ടാകുന്നുണ്ട്.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ട നികുതി | കുറവ് വന്ന നിരക്ക് (ശതമാനം) | കുറവ് വന്ന അടിസ്ഥാന നികുതി | ഇളവ് നിരക്ക് (ശതമാനം) | വർദ്ധന നിരക്ക് (ശതമാനം) | ഇളവ് | വർദ്ധന | കുറവ് വന്ന നികുതി | കുറവ് വന്ന ലൈബ്രറി സെസ് |
|---|---|---|---|---|---|---|---|---|---|---|---|
| 10/242 | 70 | 30 | 40 | 10 | 700 | 10 | 20 | 70 | 140 | 770 | 39 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/തീയതി. 16.08.2023) ലഭ്യമാക്കിയ മറുപടിയിൽ നികുതി പരിഷ്കരിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി പുനർ നിർണയിച്ച് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അപാകതകൾ

എ) ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും നിയമാനുസൃതമായ ഫീസ് ഈടാക്കുന്നില്ലെന്ന് ബോധ്യമായി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/2017-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ 674/2017) മുഖേന പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരമുള്ള ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല. മൂലധന നിക്ഷേപം സംബന്ധിച്ച വിവരം ഉൾപ്പെടുത്തി മാത്രം അപേക്ഷ സ്വീകരിച്ച് ആനുപാതികമായ ഫീസ് ഈടാക്കുന്നതിനും രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ബി) ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ 75 പ്രകാരം ശ്രീ. വിനോദ് രവി ലൈസൻസ് എടുത്തിട്ടുള്ള മൂന്നാർ ടീ ഹിൽസ് റിസോർട്ട് എന്ന സ്ഥാപനത്തിന് റിസോർട്ട് & സ്പാ എന്ന ആവശ്യത്തിനാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. വസ്തു നികുതി നിർണയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനം പ്രവർത്തിക്കുന്ന 10/328(1) മുതൽ 10/328(10), 10/329(1) മുതൽ 10/329(25) എന്ന കെട്ടിട നമ്പരുകൾക്ക് റിസോർട്ടിന് ബാധകമായ നികുതി നിരക്കാണ് നിർണയിച്ചിട്ടുള്ളത്. സ.ഉ.(അ)നം. 36/2015/തസ്വഭവ. തീയതി. 24-02-2015 പ്രകാരം ആയുർവ്വേദ സുഖ ചികിൽസ കേന്ദ്രങ്ങൾക്ക് (സ്പാ ഉൾപ്പെടെ) ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിന് ബാധകമാക്കാവുന്ന കുറഞ്ഞ അടിസ്ഥാന വസ്തു നികുതി നിരക്കായി ₹150/-യും കൂടിയ നിരക്കായി ₹160/-യും നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രസ്തുത വസ്തു നികുതി നിരക്ക് ₹160/-യായി നിശ്ചയിച്ചിട്ടുണ്ട് (സഞ്ചയ പ്രകാരം). ആയുർവ്വേദ സുഖ ചികിൽസ കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന് പ്രത്യേക ലൈസൻസ് അനുവദിച്ച് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത അടിസ്ഥാന വസ്തു നികുതി നിരക്ക് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-13 ലേലം വിശദാംശങ്ങൾ ഹാജരാക്കിയില്ല

2022-23 വർഷത്തെ ഭരണ സമിതി മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള ഇനങ്ങളിൽ ലേലം ഉറപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഇനങ്ങളുടെ ലേലം വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | ലേല ഇനം | ലേല തുക | കമ്മിറ്റി തീരുമാനം നമ്പർ | ലേലം പിടിച്ച വ്യക്തി |
|---|---|---|---|---|
| 1 | അങ്കണവാടി കെട്ടിടം പൊളിച്ച് നീക്കൽ | ₹18500/- | 23/05/2022ലെ 7 (1) | സുനിൽ കുമാർ |
| 2 | കംഫർട്ട് സ്റ്റേഷൻ<br>കല്ലാർ | പ്രതിമാസം ₹1100/- നിരക്കിൽ | 23/05/2022ലെ 7 (2) | കൃഷ്ണമൂർത്തി |
| 3 | കംഫർട്ട് സ്റ്റേഷൻ,<br>കല്ലാർ, മാങ്കുളം ജംഗ്ഷൻ | പ്രതിമാസം ₹550/- നിരക്കിൽ | 23/05/2022ലെ 7 (3) | അനൂപ് എസ് രാജൻ |
| 4 | പഞ്ചായത്തിന് സമീപമുള്ള കെട്ടിടം പൊളിച്ചതിനെ തുടർന്നുള്ള സ്ക്രാപ്പ് നീക്കം ചെയ്യൽ | ₹18000/- | 23/05/2022ലെ 7 (4) | ജോൺസൺ വെള്ളിലാംതടത്തിൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/തീയതി 18.08.2023) മറുപടി ലഭ്യമാക്കിയില്ല. ലേലം വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത്

ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിനായി താഴെ പറയുന്ന പദ്ധതി പ്രകാരം ₹2,00,000/- ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽ നം. | തുക ₹ | തുക നൽകിയത് |
|---|---|---|---|
| ഡയാലിസിസ് രോഗികൾക്ക് ധനസഹായം - ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ (154/23) | 2210105201150114O958/04.02.2023 | 200000 | ഇടുക്കി ജില്ലാ പഞ്ചായത്ത് |

പദ്ധതി യഥാവിധി നടപ്പാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

### 1-15 ഡെപ്പോസിറ്റ് വർക്ക് - പദ്ധതി പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ കുഴിക്കുന്നതിന് വൗച്ചർ നം. 22201011/തീ. 31.03.2023 പ്രകാരം ആകെ ₹5,38,957/- തൊടുപുഴയിലെ ജില്ലാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം. | കുഴൽകിണർ കുഴിക്കേണ്ട സ്ഥലം | നിക്ഷേപിച്ച തുക ₹ |
|---|---|---|
| 1 | ചിത്തിരപുരം | 145431 |
| 2 | ആനവിരട്ടി | 77241 |
| 3 | മീൻകെട്ട് അംഗൻവാടി | 82565 |
| 4 | ഇരുട്ടുകാനം അംഗൻവാടി | 73248 |
| 5 | ദേശീയം | 76576 |
| 6 | പാപ്പച്ചൻപടി | 83896 |
| | ആകെ | 538957 |

പദ്ധതി പൂർത്തിയാക്കി വിവരം അറിയിക്കണ്ടതാണ്.

### 1-16 തൊഴിൽ രഹിത വേതനം - രേഖകൾ ഹാജരാക്കാത്തത്

തൊഴിൽ രഹിത വേതനമിനത്തിൽ സെക്രട്ടറിയുടെ ബിൽ ബുക്കിൽ ബിൽ നം.10/തീ. 03.09.2022 പ്രകാരം ₹3,960/- പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവ് വിവരങ്ങളും ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിന്റെ അക്കൗണ്ട് ഹെഡും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

### 1-17 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം ഹോമിയോ മരുന്ന് വാങ്ങുന്നതിനായി പ്രോജക്ട് നം. 27/2023 - ഹോമിയോ മരുന്ന് വാങ്ങൽ എന്ന ഒരു പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന് വേണ്ടി ₹2,00,000/- 2210105200901284134/തീ. 03.03.2023 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 03.06.2023ലെ 7623 നമ്പർ രസീത് പ്രകാരം തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിൽ എടുക്കേണ്ടതും രേഖകൾ സഹിതം ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.


### 1-18 പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ (33/23) |
| അടങ്കൽ | ₹400000/- (തനത് ഫണ്ട്) |
| ചെലവ് | ₹396999/-<br>വൗച്ചർ നം.22201002/തീ. 31.3.2023, ₹389059/-, |

| | |
|---|---|
| | വൗച്ചർ നം.22201000/തീ. 31.3.2023, ₹3970/-,<br>വൗച്ചർ നം.22201010/തീ. 31.3.2023, ₹3970/- |
| | CGST ആകെ 396999/- |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിന് GEM മുഖേന ഒരു ജനറേറ്റർ വാങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.

പഞ്ചായത്ത് ഓഫീസിന് ആവശ്യമായ സ്പെസിഫിക്കേഷൻ സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് വാങ്ങിയില്ല. 5.5 KV യുള്ള ജനറേറ്റർ വാങ്ങുവാൻ കമ്മറ്റി തീരുമാനിക്കുകയും. GeM-ൽ താരതമ്യപഠനം നടത്താതെ HONDA കമ്പനിയുടെ HONDA EU 70is മോഡൽ ജനറേറ്റർ KPS Innovation, North Paravur എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നു. ഇതിന് ₹3,96,999/- വില നൽകിയിട്ടുണ്ട് (ബിൽ നം. KPS/278 /2022-23/തീ. 25.03.2023). എന്നാൽ ഹോണ്ട കമ്പനിയുടെ വെബ് സൈറ്റിൽ ഈ മോഡൽ ജനറേറ്ററിന് ₹2,51,000/- മാത്രമാണ് വിലയുള്ളത്. 1.5 ലക്ഷത്തോളം വില അധികമായി നൽകിയാണ് വാങ്ങിയത്. പഞ്ചായത്തിന് വേണ്ടി വാങ്ങലുകൾ നടത്തുമ്പോൾ പ്രത്യേകിച്ച് വില കൂടിയ ആസ്തികൾ വാങ്ങുമ്പോൾ സാമഗ്രികൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വില പരിശോധിക്കേണ്ടതും പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.




1-19 വെറ്റിനറി ഡിസ്പെൻസറി കണ്ടിജന്റ് ചെലവുകൾ പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് നടപ്പാക്കിയ വെറ്ററിനറി ഡിസ്പെൻസറി കണ്ടിജന്റ് ചെലവുകൾ (പ്രോജക്ട് നം. 135/2023) എന്ന പദ്ധതിയുടെ പരിശോധനയിൽ ദൈനംദിന ചെലവുകൾക്കായി ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിന് പകരം മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ച് പദ്ധതി നിർവ്വഹണം നടത്തിയതായും പദ്ധതിയുടെ ഭാഗമായി ₹14,950/- ചെലവഴിച്ച് (ബിൽ റഫറൻസ് നം.22101052013000538356/തീ. 15-09-2022) റിവോൾവിംഗ് ചെയർ സമാഹരിച്ചിട്ടുള്ളത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ (സ.ഉ.(പി.)നം. 259/2010 /തസ്വഭവ./തീ. 08.11.2010) പാലിച്ചില്ല. മറ്റ് തുകകൾ ദൈനംദിന ചെലവുകളായ ടെലിഫോൺ ബില്ല്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കാണ് വിനിയോഗിച്ചിട്ടുള്ളത്. പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.84/2022/തസ്വഭവ./തീ. 19.04.2022ലെ ഖണ്ഡിക 6.8ൽ മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയതിൽ ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

അടങ്കൽ തുക = ₹64,000/- (നം. 17/19.08.2023 – മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

ചെലവ് തുക = ₹46,259/-

| ബിൽ റഫറൻസ് നം. | തീയതി | തുക (₹) |
|---|---|---|
| 22101052013001535104 | 28.03.2023 | 13020 |

| | | |
|---|---|---|
| 22101052013001090275 | 25.01.2023 | 7081 |
| 22101052013000538356 | 15.09.2020 | 26158 |
| | ആകെ | 46259 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/19.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ചെലവുകൾ നിർവ്വഹിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

1-20 ആയുർവ്വേദ ആശുപത്രി കണ്ടിജന്റ് ചെലവുകൾ പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച് നടപ്പാക്കിയ ആയുർവ്വേദ ആശുപത്രി കണ്ടിജന്റ് ചെലവുകൾ (പ്രോജക്റ്റ് നം. 189/2023) എന്ന പദ്ധതിയുടെ പരിശോധനയിൽ ദൈനംദിന ചെലവുകൾക്കായി ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിന് പകരം മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ച് പദ്ധതി നിർവ്വഹണം നടത്തിയതായും പദ്ധതിയുടെ ഭാഗമായി ₹38,200/- ചെലവഴിച്ച് (ബിൽ റഫറൻസ് നം. 22101052013901058543/തീ. 18-01-2023) അലമാരകൾ വാങ്ങിയിട്ടുള്ളത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ (സ.ഉ.(പി)നം. 259/2010/ത.സ്വ.ഭ.വ./തീ. 08.11.2010) നിർദ്ദേശങ്ങൾ പ്രകാരം ലിമിറ്റഡ് ടെണ്ടർ രീതി അവലംബിക്കാതെ ക്വട്ടേഷൻ സ്വീകരിച്ചാണ് എന്നും കാണുന്നു. സർക്കാർ ഉത്തരവ് GO(P)7/2019/SPD/തീ. 26.04.2019 പ്രകാരം ₹25,000/-ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

അടങ്കൽ തുക = ₹69000/- (വികസന ഫണ്ട് ജനറൽ = 4000 + മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം = 65000)

ചെലവ് തുക = ₹69000/-

ചെലവ് വിവരം

| ബിൽ റഫറൻസ് നം. | തീയതി | തുക (₹) |
|---|---|---|
| 22101052013900472402 | 29/08/2022 | 1791 |
| 22101052013900820814 | 25/11/2022 | 5357 |
| 22101052013900949919 | 23/12/2022 | 6030 |
| 22101052013901058543 | 18/01/2023 | 38200 |
| 22101052013901064412 | 19/01/2023 | 1953 |
| 22101052013901286887 | 03/03/2023 | 7519 |
| 22101052013901476140 | 25/03/2023 | 4000 |
| 22101052013901487538 | 27/03/2023 | 4150 |
| ആകെ | | 69000 |

ക്വട്ടേഷൻ ക്ഷണിച്ചാണ് സ്ഥാപനത്തിലേക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 4(2)/19.11.2022 പ്രകാരം ലഭ്യമായ ക്വട്ടേഷനുകളിൽ കുറവ് രേഖപ്പെടുത്തിയ ന്യൂ തോട്ടത്തിൽ സ്റ്റീൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/19.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ചെലവുകൾ നിർവ്വഹിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

1-21 ഹെൽത്ത് മിഷൻ പദ്ധതികളുടെ നിർവ്വഹണം

സ.ഉ(സാധാ)നം.2132/2022/തസ്വഭവ./തീ. 31-08-2022 പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യ മേഖല ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം, ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ മുതലായ ഘടകങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കാവുന്നതാണ്.

ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും പുരോഗതി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സ.ഉ(സാധാ)നം.2156/2022/തസ്വഭവ./തീ. 01-09-2022 പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം താഴെ ചേർക്കുന്നു.

Support For Diagnostic Infra Structure – 7.41 ലക്ഷം (ലഭ്യമായത് - ₹5,94,271/-)

Grant For Rural Health And Wellness Centres – 4.71 ലക്ഷം (ലഭ്യമായത് - ₹3,45,769/-)

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തുടങ്ങിയ അക്കൗണ്ടുകൾ, ആവിഷ്കരിച്ച പ്രോജക്ടുകൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (CHC)

1) ഹെൽത്ത് മിഷൻ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി പരിപാലിക്കുന്ന അക്കൗണ്ടുകൾ

ഹെൽത്ത് മിഷൻ ഗ്രാന്റ് വിവിധ ആവശ്യങ്ങളിലേക്കായി കൈകാര്യം ചെയ്യുന്നതിനായി 3 അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ട്. 2022-23 വർഷത്തെ ഇടപാടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് വിവരം | മുൻ ബാക്കി ₹ | വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| 1 | SBIN0008650/ AC No. 40850250942 Health Grand For- ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 0 | 602956 (594271+ 8685 Intrest) | 0 | 602956 |
| 2 | SBIN0008650 /AC No. 40850248989 Health Grand For- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 0 | 0 | 0 | 0 |
| 3 | SBIN0008650/ AC No. 40850258771 Health Grand For- ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 0 | 350963 (345769+ 5194 Intrest) | 0 | 350963 |
| | ആകെ | 0 | 953919 | 0 | 953919 |

2) പദ്ധതികൾ

| ക്രമ നം. | പ്രോജക്ട് വിവരം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 201/2023, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 594272 | 0 | ഫണ്ടിനം സുലേഖയിലെ ചെലവ് പത്രികയിൽ ഇല്ല |
| 2 | 202/2023, കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ | 345825 | 89157 | ഫണ്ടിനം സുലേഖയിലെ ചെലവ് പത്രികയിൽ ഇല്ല. PFMS വഴി 18.04.2023-യിലാണ് തുക കൈമാറിയതെങ്കിലും 2022-23 യിൽ വെബ് സാംഖ്യയിൽ |

| | | | | |
|---|---|---|---|---|
| | | | | ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. (ബിൽ റിക്വിസിഷൻ നം. 5057700401220065/തീ. 23-03-2023) |
| | ആകെ | 940097 | 89157 | |

കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ പ്രോജക്ട് നം. 202/2023 പ്രകാരമുള്ള ₹8,157/-യുടെ ചെലവ് 18.04.2023 തീയതിയിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ സുലേഖയിൽ തൻവർഷത്തെ ചെലവായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

ഹെൽത്ത് മിഷൻ പദ്ധതിയ്ക്കായി 2 പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും ഒരു പ്രോജക്ട് മാത്രമാണ് ഭാഗികമായെങ്കിലും നടപ്പാക്കാൻ സാധിച്ചത്. ഹെൽത്ത് മിഷൻ ഗ്രാന്റുപയോഗിച്ച് ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-22 ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് പദ്ധതി നിർവ്വഹണം - സർക്കാർ മാർഗ്ഗരേഖ ലംഘനം

പ്രാഥമിക ആരോഗ്യ കേന്ദ്രം - മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് പദ്ധതി പ്രകാരം നൽകേണ്ട തുക 2022- 23 വർഷത്തിൽ പദ്ധതി സ്പിൽ ഓവർ ആക്കാതെ പുതിയ പദ്ധതിയിലൂടെ നൽകിയതായി കാണുന്നു.

പ്രോജക്ട് വിവരം

| ക്രമ നം. | പ്രോജക്ട് നം, പേര് | അടങ്കൽ, ഫണ്ടിനം | ചെലവ്, ഫണ്ടിനം |
|---|---|---|---|
| 1 | 89/2022, രോഗ നിർണ്ണയ ക്യാമ്പ് | ₹445727/- (തനത് ഫണ്ട് = 400000 + മെയിന്റനൻസ് ഗ്രാന്റ് റോഡിതരം = 45727) | ₹445727/- (തനത് ഫണ്ട് = 400000 + മെയിന്റനൻസ് ഗ്രാന്റ് റോഡിതരം = 45727) |
| 2 | 107/2023, ക്യാൻസർ രോഗ നിർണ്ണയ പരിശോധന ക്യാമ്പ് | ₹150000/- (തനത് ഫണ്ട് = 46242 + വികസന ഫണ്ട് ജനറൽ = 103758) | ₹135461/- (തനത് ഫണ്ട് = 31703 + വികസന ഫണ്ട് ജനറൽ = 103758) |

ചെലവ് വിവരം

107/2023 നമ്പർ പദ്ധതി പ്രകാരം ക്യാൻസർ രോഗ നിർണ്ണയ പരിശോധന ക്യാമ്പ് നടത്തുന്നതിലേക്ക് കാർകിനോസ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ തൻവർഷം സാധന സേവന സമാഹരണത്തിന്റെ ഭാഗമായി ആകെ ₹1,35,461/- നൽകിയിട്ടുണ്ട്. മുൻ വർഷ പദ്ധതി പ്രകാരം നൽകാൻ അവശേഷിച്ച തുകയായ ₹11,961/-യും തൻവർഷത്തെ പ്രോജക്ടിന്റെ ഭാഗമായാണ് നൽകിയിരിക്കുന്നത്.

| ബിൽ റഫറൻസ് നം./റിക്വിസിഷൻ നമ്പർ | തീയതി | തുക (₹) |
|---|---|---|
| 22101052009200884210 | 08-12-2022 | 103758 |
| 5057700401220025 (Own Fund) | 08-12-2022 | 11961 |
| 5077700401220030 (Own Fund) | 05-01-2023 | 19742 |
| ആകെ | | 135461 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ

1) സ.ഉ(കൈ)നം 84/2022/തസ്വഭവ./തീ. 19.04.2022 പ്രകാരമുള്ള പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.3 പ്രകാരം അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ചെങ്കിലും ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവും ആയ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാൽ അവ പൂർത്തീകരിക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളെ സ്പിൽ ഓവർ പ്രോജക്ടുകളായി പരിഗണിക്കേണ്ടതാണ്.

ഖണ്ഡിക 11.1 പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ 89/2022, ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് എന്ന പദ്ധതി റിവൈസ് ചെയ്യുകയോ സ്പിൽ ഓവർ പ്രോജക്റ്റാക്കുകയോ ചെയ്യാതെ പുതിയ പ്രോജക്റ്റ് ആയി (നം.107/2023) നിർവ്വഹണം നടത്തിയത് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

2) പദ്ധതി പ്രകാരമുള്ള സാധന സേവന സമാഹരണത്തിന് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ(സ.ഉ.(പി)നം. 259/2010/ത.സ്വ.ഭ.വ/തീ. 08.11.2010) യിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 15/തീ. 18.08.2023) തുടർ വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

1-23 പി.എം.സി. പ്രത്യേക അക്കൗണ്ട് - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നു

2022-23 വർഷത്തിൽ പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതിയുടെയും, ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നുള്ള പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെയും പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) 2022-23 ലെ പ്രോജക്റ്റ്- വകയിരുത്തിയ തുകയുടെ 99% ശതമാനം ചെലവ്

*നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി).*

| പ്രോജക്റ്റ് നമ്പരും പേരും | തുക വിനിയോഗം | | |
|---|---|---|---|
| | ഫണ്ടിനം | അടങ്കൽ (₹) | ചെലവ് (₹) |
| 25/2023 – പാലിയേറ്റീവ് കെയർ | പ്ലാൻ ഫണ്ട് – ജനറൽ | 701360 | 699457 |

2) പി.എം.സി യോഗത്തിന്റെ മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.) ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. 2022-23 വർഷാരംഭത്തിൽ പി.എം.സി. പുനഃസംഘടിപ്പിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല, ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്. പി.എം.സി. യോഗത്തിന്റെ മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3) പി.എം.സി. പ്രത്യേക അക്കൗണ്ട്

പി.എം.സി., കല്ലാർ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പള്ളിവാസൽ ശാഖയിൽ 2000002430 നമ്പരായി ബാങ്ക് അക്കൗണ്ട് ഉണ്ട്. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിക്കുന്നതിന് രസീത് തയ്യാറാക്കിയിട്ടുണ്ട് എന്ന് അധികൃതർ അറിയിച്ചെങ്കിലും പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ ഭാഗമായി 'ഒറ്റനാണയം' എന്ന പേരിൽ ഒരു ധനസഹായ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പി.എം.സി.-യുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ധന സമാഹരണം നടത്തുകയും ആയതിൽ നിന്നും പാലിയേറ്റീവ് രോഗികൾക്കുള്ള ചികിൽസ ധനസഹായമായി ₹3,000/- മുതൽ ₹5,000/- വരെ നൽകുകയും ചെയ്യുന്നുണ്ട്.

'ഒറ്റനാണയം' ഫയൽ പരിശോധിച്ചതിൽ ധനസഹായം നൽകി വരുന്ന രീതി ചുവടെ ചേർക്കുന്നു.

- അപേക്ഷകർ ചികിൽസ ധനസഹായത്തിന് അപേക്ഷിക്കുന്നു.
- വാർഡ് മെമ്പർമാർ അപേക്ഷ സാക്ഷ്യപ്പെടുത്തുന്നു.
- പെയിൻ ആന്റ് പാലിയേറ്റീവ് റിവ്യൂ മീറ്റിംഗിൽ അപേക്ഷ പരിശോധിച്ച് ധനസഹായം അംഗീകരിക്കുന്നു.
- ഓരോ വ്യക്തിയ്ക്കും ₹3,000/- മുതൽ ₹5,000/- വരെയുള്ള തുക ധനസഹായം അനുവദിക്കുന്നു.
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരിലുള്ള അക്കൗണ്ടിൽ നിന്നും പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ചെക്ക് എഴുതി അംഗീകരിച്ച അപേക്ഷകന് നൽകുന്നു.
- പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നു.
- ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ 23 പേർക്കായി ആകെ ₹1,05,000/- ധനസഹായം നൽകിയിട്ടുണ്ട്.

(സർക്കാർ രൂപീകരിച്ച പാലിയേറ്റീവ് പരിചരണ നയം സ.ഉ.(പി)നം.109/2008/ആ.കു.ക്ഷേ.വ./തീയതി. 15.04.2008, പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ സ.ഉ(സാധാ)നം.553/2019/തസ്വഭവ./തീയതി. 07-03-2019 എന്നീ ഉത്തരവുകൾ പ്രകാരം പി.എം.സി.-യുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് നിർദ്ദേശിക്കുന്നില്ല).

പ്രസ്തുത വിഷയങ്ങളിന്മേൽ രേഖകൾ സഹിതം വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/19.08.23) മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ സർക്കാർ ഉത്തരവുകൾ അനുസരിച്ച് മാത്രം ഫണ്ട് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 "ഞങ്ങളും കൃഷിയിലേക്ക്" - സമഗ്ര പുരയിടകൃഷി വനിത പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം., പേര് | 115/23, "ഞങ്ങളും കൃഷിയിലേക്ക്" – സമഗ്ര പുരയിടകൃഷി – വനിത |
| അടങ്കൽ | ₹2434776/-<br>(₹1702000/- വികസന ഫണ്ട് – പൊതു വിഭാഗം + ₹119600/- തനത് ഫണ്ട് + ₹613176/- ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹1519530/-<br>(₹1399930/- വികസന ഫണ്ട് - (പൊതു വിഭാഗം) + ₹119600/- തനത് ഫണ്ട്) |
| ബിൽ നം./വൗച്ചർ നം./തീയതി/തുക | 2210105200892423/തീ. 12/12/2022, ₹1399930/-<br>77808/തീ. 30/03/2023, ₹119600/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പട്ടികയിൽ സൂചിപ്പിച്ച പദ്ധതി പ്രകാരം വനിതാ കർഷകർക്ക് സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്ന ജൈവവളം/കുമ്മായം/ജൈവ- ജീവാണു കീടനാശിനി എന്നിവക്ക് 75 ശതമാനം തുക സബ്സിഡി നല്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജൈവവളം/കുമ്മായം/ഉരിശ്/ജൈവ കീടനാശിനി എന്നിവയുടെ വിതരണത്തിനായി ₹15,19,530/- കല്ലാർ സർവീസ് കോപ്പറേറ്റീവ് ബാങ്കിന് കീഴിലുള്ള കല്ലാർ ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് എന്ന വളം ഡിപ്പോക്ക് നൽകിയിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ/തീ. 28.05.2022 ഖണ്ഡിക 6.1 പ്രകാരം കാർഷിക സർവ്വകലാശാല, റെയ്ഡ്-കോ, കയർഫെഡ്, എഫ്.പി.ഒ. എന്നിവയിലെ ജൈവവളം/കുമ്മായം/ജൈവ-ജീവാണു കീടനാശിനി എന്നിവയോ കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളം/കുമ്മായം/ജൈവ-ജീവാണു കീടനാശിനി എന്നിവയോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് ജൈവവളം/കുമ്മായം/ജൈവ-ജീവാണു

കീടനാശിനി എന്നിവ വാങ്ങി വിതരണം ചെയ്യേണ്ടതാണ്. അനിവാര്യ സാഹര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്. കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്ന മുറക്ക് നിർബന്ധിത ഗുണഭോക്തൃ വിഹിതം ഈടാക്കി സബ്സിഡി നേരിട്ട് കൃഷിക്കാർക്ക് അനുവദിക്കേണ്ടിയിരുന്നു. എന്നാൽ മാർഗ്ഗ രേഖയിലെ നിർദ്ദേശത്തിനും പദ്ധതിയുടെ ലക്ഷ്യത്തിനും വിരുദ്ധമായി കല്ലാർ ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് എന്ന വളം ഡിപ്പോ നൽകിയിരിക്കുന്ന ബില്ലുകളിൽ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. സബ്സിഡി ആനുകൂല്യമോ വളമോ കർഷകർക്ക് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. കല്ലാർ ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് ലഭ്യമാക്കിയ ബില്ലുകളിലെ തുകയും നിർവഹണ ഉദ്യോഗസ്ഥൻ അനുവദിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇൻവോയ്സ് നമ്പർ/തീയതി/തുക | നിർവഹണ ഉദ്യോഗസ്ഥൻ അനുവദിച്ച തുക |
|---|---|
| 3884/തീ. 07/12/2022, ₹1867670 | ₹1399930/- |
| 4806/ തീ. 01/3/2023, ₹566280 | ₹119600/- |

3. കർഷകരുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ/തീ. 28.05.2022 ഖണ്ഡിക 6.1 പ്രകാരം ജനറൽ വിഭാഗത്തിൽ നിന്നും നിർബന്ധിത ഗുണഭോക്തൃ വിഹിതമായി 25 ശതമാനം തുക ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ഗുണഭോക്തൃ വിഹിതം കൃഷിക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 05/17-08-2023 & 21/19-08-2023) മറുപടി ലഭ്യമാക്കിയില്ല. കല്ലാർ ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് എന്ന വളം ഡിപ്പോക്ക് നൽകിയ ₹15,19,530/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 ഞങ്ങളും കൃഷിയിലേക്ക് സമഗ്ര പുരയിടകൃഷി എസ്. സി. പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം./പ്രൊജക്ട് | 118/22, ഞങ്ങളും കൃഷിയിലേക്ക് സമഗ്ര പുരയിടകൃഷി - എസ്.സി. |
| അടങ്കൽ | ₹400000/- (എസ്.സി.പി) |
| ചെലവ് | ₹399675/- |
| ബിൽ നം./വൗച്ചർ നം./തീയതി/തുക | 22101052008900892437/തീ. 12/12/2022, ₹399675/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പട്ടികയിൽ സൂചിപ്പിച്ച പദ്ധതി പ്രകാരം കർഷകർക്ക് സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്ന ജൈവവളം/ജൈവ-ജീവാണി കീടനാശിനി എന്നിവക്ക് 100 ശതമാനം തുക സബ്സിഡി നല്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ/തീ. 28.05.2022 ഖണ്ഡിക 6.1 പ്രകാരം കാർഷിക സർവ്വകലാശാല, റെയ്ഡ്-കോ, കയർഫെഡ്, എഫ്.പി.ഒ. എന്നിവയിലെ ജൈവവളം/കുമ്മായം/ജൈവ-ജീവാണു കീടനാശിനി എന്നിവയോ കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളം/കുമ്മായം/ജൈവ-ജീവാണു കീടനാശിനി എന്നിവയോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് ജൈവവളം/കുമ്മായം/ജൈവ-ജീവാണു കീടനാശിനി എന്നിവ വാങ്ങി വിതരണം ചെയ്യേണ്ടതാണ്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്ന മുറക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്. കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്ന മുറക്ക് സബ്സിഡി നേരിട്ട് കൃഷിക്കാർക്ക് അനുവദിക്കേണ്ടിയിരുന്നു. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനും പദ്ധതിയുടെ ലക്ഷ്യത്തിനും വിരുദ്ധമായി കല്ലാർ ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് എന്ന വളം ഡിപ്പോ നൽകിയിരിക്കുന്ന ബില്ലിൽ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. കർഷകരുടെ അപേക്ഷകളും സബ്സിഡി ആനുകൂല്യമോ വളമോ കർഷകർക്ക് ലഭ്യമായതിന്റെ രേഖകളും പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 06/തീ. 17-08-2023 & 21/തീ. 19-08-2023) മറുപടി ലഭ്യമാക്കിയില്ല. കല്ലാർ ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് എന്ന വളം ഡിപ്പോക്ക് നൽകിയ ₹3,99,675/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | സുവർണ്ണ ഭവനം (270/23) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 99408 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (180/23) | 99408 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 29000 | ഗോത്ര സാരഥി (193/23) | 29000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 73355 | അതി ദരിദ്രർക്കുള്ള പദ്ധതി ഭക്ഷണം, മറ്റ് ഇതര ചെലവുകൾ (226/23) | 73355 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 218500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (163/23) | 218500 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

- ഇല്ല -

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം എടുത്ത വായ്പ ₹ | തൻ വർഷം തിരിച്ചടച്ച മുതൽ ₹ | തൻ വർഷം തിരിച്ചടച്ച പലിശ ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | സ.ഉ.(എം.എസ്.) 2278/തസ്വഭവ./ തീ.18.08.2018 | 17116883 | 0 | 2178819 | 0 | 14938064 |
| ജവഹർ ഭവന പദ്ധതി | സ.ഉ.നം. 1577/15/ എൽ.എസ്.ജി.ഡി. | 2572186 | 0 | 1144800 | 0 | 1427386 |

| | | | | | | |
|---|---|---|---|---|---|---|
| | തീ. 27.05.2015 | | | | | |

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5100000 |
| ആകെ | 5100000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5100000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | 31-3-2023 | 1 വർഷം | 5100000 | - |

### 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 1999-00 | - | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ക്രമരഹിതമായി പണം ചെലവഴിച്ചു | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2-7 | 2009-10 | 2-6 | വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ മുദ്രപ്പത്രയിനത്തിലെ നഷ്ടം – ₹9,161/- | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2009-10 | 2-8 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ – ₹7,57,450/- | ബഹു. സമിതിയുടെ പരിഗണനയിൽ |
| സ്പെഷ്യൽ ഓഡിറ്റ് | | 2015-16 | 5.1.1മുതൽ 5.1.5 വരെ | കെട്ടിട നിർമ്മാണ പെർമിറ്റ് പോരായ്മകൾ | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2016-17 | | 2017-18 | 1.6.1 | തെറ്റായ പൂർത്തീകരണ പ്ലാൻ അടിസ്ഥാനപ്പെടുത്തി കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണയിച്ചു | ബഹു.സമിതിയുടെ പരിഗണനയിൽ |

### 4-8 ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്/ സർ ചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 1996-97 | 30 (A) & 32 | കെ.വി. ആന്റണി ജെ.എസ്. ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | എൽ.എഫ്.603/ സ്പെ.സെൽ എസ്.സി.2/ 2000, 25.01.2002 | 4995 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4995 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 2000-01 | 26 | കെ.എം. ഷാജി മോഹനൻ സെക്രട്ടറി | എൽ.എഫ്.2721/ സ്പെ.സെൽ എസ്.സി.2/ 2004, 23.12.04/ 14.01.05 | 42600 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 42600 | |

ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്/ സർ ചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവ ശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 33,34, 35 (1)(2), 36,37 | കെ. വി. ആന്റണി സെക്രട്ടറി | എൽ.എഫ്.603/ സ്പെ.സെൽ എസ്.സി.2/ 2000, 25.1.2002 | 4929 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4929 | |
| 2 | 1998-99 | 30,31, 33,35 | എം. കെ. മോഹനൻ ജെ.എസ്. | എൽ.എഫ്.6876/ സ്പെ.സെൽ എസ്.സി.2/ 2002, 16.12.02 | 19332 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19332 | |
| 3 | 2004-05 | 3-8 (Part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |
| 4 | 2004-05 | 3-8 (Part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹21819625 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹49240274 |
| ആകെ | ₹71059899 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹49703683 |
| നീക്കിയിരിപ്പ് | ₹21356216 |
| (കുറിപ്പ് – പഞ്ചായത്തിന്റെ 2022-23ലെ റെസിപ്റ്റ് & പേയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1919205 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 1519530 | ശ്രീ. ബെന്നി വർഗീസ്, കൃഷി ഓഫീസർ |
| 1-25 | 399675 | - ടി - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - ഇല്ല - | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബെന്നി വർഗീസ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | കട്ടച്ചിറയിൽ<br>ആവോലിയിൽ<br>നേര്യമംഗലം<br>എറണാകുളം ജില്ല |

4-10 തീർപ്പാക്കുവാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1996-97 | LFI-8/442/98/<br>18.11.1998 | 21 | PART -II-<br>30(A)(B)(C), 31, 32,<br>PART -III-.<br>33, 34,35, 36, 37,<br>PART -IV, 38, 39,<br>40, 41, 42,43, 44,<br>45, 46, 47, 48 |
| 1997-98 | LFI-8-15/2002/<br>02.02.2002 | 1 | 34 |
| 1998-99 | LFI-8/16/2002/<br>27.03.2002 | 3 | 34, 35, 36 |
| 1999-00 | LFI-8/46/02/<br>05.03.2003 | 4 | 23,31,32,34 |
| 2000-01 | LFI-8/707/03/<br>08.01.2004 | 8 | 26,27,36,38(1),42,45,46,48 |
| 2001-02 | LFI-8/632/03/<br>10.08.2005 | 3 | 2-9,2-14,2-17 |
| 2002-03 | LFI-8/403/2005/<br>22.08.2006/23.01.2007 | 5 | 2.2,3.3,3.7, 3.10, 3.13 |
| 2003-04 | LFI-7/425/07<br>20.07.2007 | 2 | 2.2, 3.2 |
| 2004-05 | LFI-7/810/2007<br>06.10.2017/01.11.2017 | 2 | 3.7(A),(B), 3.8 |
| 2005-06 | LFI-7/1081/2008<br>26.08.2009 | 4 | 3.1, 3.2, 3.7, 3.9 |
| 2006-07 | LFI-7/1112/2000<br>24.12.2000 | 8 | 2.6,2.7, 3.2, 3.6, 3.9, 3.10,<br>3.11, 3.13 |
| 2007-08 | LFI-11/1469/12/<br>04.05.2013 | 10 | 3.1, 3.2, 3.4,3.6,3.10,<br>3.13,3.14, 3.17, 3.18, 3.19 |
| 2008-09 | LFI-11-547/11<br>20.12.2011 | 5 | 2.1, 2.2,2.5, 3.1,3.6 |
| 2009-10 | LFI-11/547/2011<br>03.04.2013/12.04.2013 | 2 | 3.5, 3.6 |
| 2010-11 & 2011-12 | KSA-IDK-11/300/<br>18 18.03.2018/08.03.2018 | 2 | 3.7,3.8 |
| 2012-13 | KSA-IDK-11/1424/17<br>1710.2017/24.10.2017 | 2 | 2.1(A),(B), 3.3 |

| | | | |
|---|---|---|---|
| 2013-14 | KSA-IDK-11/1028/15<br>08.10.2015 | 1 | 3.1 |
| 2014-15 | KSA-IDK-11/827/17 17.10.2017/02.11.2017 | 2 | 2.2, 3.2 |
| 2015-16 | KSA-IDK/11/469/2017/ 12.04.2017 | 1 | 3.2 |
| 2016-17 | KSA-IDK/11/1420/17/<br>13.11.2017/12.01.2018 | 10 | 2.2, 2.3,2.5, 3.2 |
| 2017-18 | കെ.എസ്എ-ഐ.ഡി.കെ-<br>11/ 1374/18 /5.12.2018 | 13 | 2-1, 2-2,3-2, 3-4,3-5 |
| 2018-19 | കെ.എസ്എ-ഐ.ഡി.കെ-11/<br>1086/2019/07.03.2020 | 20 | 1-11, 1-12, 1-13, 1-14, 1-15,<br>1-16, 1-17, 1-18, 1-19, 1-20,<br>1-22, 1-23, 1-24, 2-1, 3-1,<br>4-8, 4-9, 4-10, 4-11 |
| 2019-20 | കെ.എസ്എ-ഐ.ഡി.കെ- 7/<br>892/2021/20.11.2021 | 14 | 1-9 മുതൽ 1-22 വരെ |
| 2020-21 | കെ.എസ്എ-ഐ.ഡി.കെ-7/<br>893/2021/20.11.2021 | 20 | 1-9 മുതൽ 1-28 വരെ |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.7-111/2023<br>തീയതി: 01/04/2023 | 21 | 1-3-1, 1-3-3, 1-8 മുതൽ 1-23 വരെ<br>3-1 മുതൽ 3-3 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pallivasal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Pallivasal Grama Panchayat for the year 2022-2023

Date: 21/11/2023

Deputy Director(H.G)
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Pallivasal Grama Panchayat for the Year 2022-2023.**

**1.Major Observations**

1. All Mandatory Financial Statements prescribed in accounting rules are not submitted for audit.
2. Non disclosure of Assets. Asset Register is not comprehensive and uptodate.

**2.Other Observations**

1. The registers, viz., Deposit register, Advance register, Investment register, Stock register etc., are not maintained correctly and or does not match with accounts and not reliable for audit.
2. Lapses in making timely and accurate demand entries in respect of tax and not tax revenue.
3. Lack of authenticated journal vouchers for supporting the adjustment entries recorded.
4. Depreciation not provided for the Assets.

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്